**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3732** **02-03-2023 - ൽ മറുപടിയ്ക്ക്**

**മിൽമയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ എ കെ എം അഷ്റഫ്,<br>ശ്രീ . പി . ഉബൈദുള്ള | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മിൽമയുടെ പ്രവർത്തനങ്ങൾ ക്ഷീര കർഷകർക്ക് പ്രയോജനകരമാകുന്ന തരത്തിൽ ആനന്ദ് മാതൃകയിൽ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ആനന്ദ് മാതൃകയിലുള്ള ത്രിതല സംവിധാനത്തിലാണ് മിൽമ പ്രവർത്തിക്കുന്നത്. താഴെത്തട്ടിൽ പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ, ഇടത്തട്ടിൽ മേഖലാ യൂണിയനുകൾ, ഉപരിതലത്തിൽ സംസ്ഥാന ക്ഷീര ഫെഡറേഷൻ എന്ന നിലയിലാണ് മിൽമ പ്രവർത്തിക്കുന്നത്. പ്രാഥമിക ക്ഷീര സംഘങ്ങൾക്കും മേഖലാ യൂണിയനുകൾക്കും തെരഞ്ഞെടുത്ത ഭരണ സമിതിയുണ്ടാകും. മേഖലാ യൂണിയനുകളിൽ നിന്നും നാമ നിർദ്ദേശം ചെയ്യുന്നവരാണ് മിൽമയുടെ ഭരണസമിതിയിലുള്ളത്. |
| (ബി) | എങ്കിൽ പ്രസ്തുത നടപടിയിലൂടെ കർഷകർക്ക് ലഭ്യമാക്കാൻ കഴിയുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (ബി) | കർഷകർ ക്ഷീരസഹകരണ സംഘങ്ങളിലളക്കുന്ന പാലിന് ഗുണനിലവാരത്തിനനുസരിച്ച വില കൃത്യമായ ഇടവേളകളിൽ നൽകുകയും കർഷകർക്ക് സ്ഥായിയായ വിപണി ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ മാർക്കറ്റിംഗ് സർപ്ലസ് ഡയറികളിലെത്തിക്കുകയും ആയതു സംസ്കരിച്ച് പാലും പാലുൽപ്പന്നങ്ങളുമാക്കി വിൽപ്പന നടത്തി ലഭിക്കുന്ന ആദായത്തിന്റെ 83 ശതമാനവും കർഷകരിലേക്ക് പാൽ വിലയായും മറ്റാനുകൂല്യങ്ങളുമായി തിരികെ നൽകുന്നു. അതോടൊപ്പം ഗുണനിലവാരമുള്ള കാലിത്തീറ്റ, ഇതര തീറ്റ വസ്തുക്കൾ, പച്ചപ്പുല്ല്, വൈക്കോൽ, സൈലേജ് തുടങ്ങിയ തീറ്റ വസ്തുക്കൾ സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നു. ഉല്പാദനോപാധികളും തൊഴുത്ത് നിർമ്മാണത്തിനുള്ള സഹായങ്ങൾ, കൃത്രിമ ബീജധാന സഹായം എന്നിവയും കർഷകർക്ക് നൽകുന്നുണ്ട്. |
| (സി) | മിച്ചം പാലിൽ നിന്നും പാൽപ്പൊടി നിർമ്മിക്കുന്നതിന് മലബാറിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഫാക്ടറിയുടെ | (സി) | മലപ്പുറം ജില്ലയിൽ മൂർക്കനാട്, മലബാർ മേഖലാ യൂണിയന്റെ സഹകരണത്തോടെ 10 മെട്രിക് ടൺ |

| | | | |
|---|---|---|---|
| | പ്രവർത്തനം നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ? | | പ്രതിദിന സംസ്കരണ ശേഷിയുള്ള ഒരു പാൽപ്പൊടി നിർമ്മാണശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയാണ്. പാൽപ്പൊടി നിർമ്മാണശാലയുടെ കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഫ്ളോറിംഗ് & ഫിനിഷിംഗ് ജോലികൾ നടന്നു കൊണ്ടിരിക്കുന്നു. പാൽപ്പൊടി നിർമ്മാണശാലയ്ക്ക് ആവശ്യമായ യന്ത്ര ഉപകരണങ്ങളുടെ സപ്ലൈ ഘട്ടം ഘട്ടമായി ചെയ്തു വരുന്നുണ്ട്. പാൽപ്പൊടി നിർമ്മാണശാലയുടെ യന്ത്ര ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കൽ, ഇലക്ട്രിക്കൽ ജോലികൾ എന്നീ ജോലികൾ പുരോഗമിച്ചു വരുന്നു. റഫ്രിജറേഷൻ ജോലികൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ മലിന ജല സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ